(സി)ടെണ്ടർ ചെയ്തിട്ടും കരാർ ഏറ്റെടുക്കാത്ത റോഡുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു :

1. വായനശാല മുതൽ പുളിത്തറക്കടവ് വരെയുള്ള റോഡ്
2. ചക്കചമ്പക്കൈകൊക്കംപാടം - നടുവത്ത് പാടശേഖരം റോഡ്.
3. തേവർക്കാട് വെള്ളമാത്ര റോഡ്.
4. ചമ്പക്കുളം ബി.എസ്.എൻ.എൽ. ജംഗ്ഷൻ - വൈശ്യംഭാഗം. റോഡ്
5. അമ്പത്തഞ്ച് മുട്ട് രാമങ്കരി കടവ് റോഡ്.
6. സെന്റ് ജോസഫ് ചർച്ച് - രാമങ്കരി ആനതീരം റോഡ്.
7. വാഴച്ചിറ ജംഗ്ഷൻ - പുത്തൻപറമ്പ് ചൂളറോഡ്.
8. നാലങ്ങാടി - പനവേലിപ്പടി റോഡ്.
9. പോത്തുകുന്നേൽപടി - ചട്ടുകംപാടത്തിന്റെ മോട്ടോർത്തറ വരെയുള്ള റോഡ്.
10. തോട്ടുവാത്ത ഗ്രന്ഥശാല-കാർഷാശ്ശേരി ദേവീക്ഷേത്രം വരെയുള്ള റോഡ്

കരാറുകാർ ഏറ്റെടുത്തിട്ട് പ്രവൃത്തി തടസ്സപ്പെട്ട രണ്ടു റോഡുകൾ ചുവടെ ചേർക്കുന്നു :

1. മങ്കോട്ടച്ചിറ ഇന്റഗ്രേറ്റഡ് ഫിഷ് സീഡ് ഫാം റോഡ്.
2. ചെറുകര കപ്പേളപ്പള്ളി ചെറുകര ഷാപ്പുചിറ റോഡ്.

ടി റോഡുകളുടെ പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും, ഇതിൽ ഒന്നാമത്തെ റോഡിന്റെ ദർഘാസ് അംഗീകരിക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു.

ചെറുവത്തൂർ ഫിഷിംഗ് ഹാർബർ

158 (2027) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഹാർബറിന്റെ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ചെറുവത്തൂർ ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം മാർച്ച് 2015-ൽ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ചെറുവത്തൂർ ഫിഷിംഗ് ഹാർബറിന്റെ ഇനിയും പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. ചുറ്റുമതിൽ - നിർമ്മാണം പുരോഗമിക്കുന്നു.
2. ഗേറ്റ് & ഗേറ്റ് ഹൗസ് - നിർമ്മാണം പുരോഗമിക്കുന്നു.
3. അപ്രോച്ച്റോഡ് - നിർമ്മാണം പുരോഗമിക്കുന്നു. (സ്ഥലനിർണ്ണയവുമായി ബന്ധപ്പെട്ട തർക്കം നിലനിൽക്കുന്നതിനാൽ അക്വിസിഷൻ നടപടികൾ പൂർത്തിയായിട്ടില്ല.)
4. കുടിവെള്ള വിതരണ പദ്ധതി - നിർമ്മാണം പുരോഗമിക്കുന്നു.

മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത തീരദേശ ഗ്രാമ പഞ്ചായത്തുകൾ

159 (2028) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത തീരദേശ ഗ്രാമപഞ്ചായത്തുകൾ സംസ്ഥാനത്ത് നിലവിലുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടാത്തതു കാരണം ഈ ഗ്രാമപഞ്ചായത്തുകളിലെ നിരവധി മത്സ്യത്തൊഴിലാളികൾക്ക്, പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട പഞ്ചായത്തുകളിലെ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളിൽ പലതും ലഭിക്കുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മലപ്പുറം ജില്ലയിലെ തീരദേശ ഗ്രാമപഞ്ചായത്തായ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിനെ കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?